REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-02-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതിയുടെ പ്രസംഗത്തിനു നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി വൈകിട്ട് ലോക്സഭയിൽ മറുപടി നൽകും.
- തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ തടയാൻ ഗവണ്മെന്റ് വിപുലമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.
- 70 അംഗ ഡൽഹി നിയമസഭയിലേക്ക് വോട്ടെടുപ്പ് നാളെ.
- ഇന്ന് ലോക കാൻസർ ദിനം. ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത്.
- സ്വർണവിലയിൽ വൻ വർദ്ധന. പവന് 62,000 പിന്നിട്ടു.
- ദേശീയ ഗെയിംസിൽ ബാസ്ക്കറ്റ് ബോളിൽ പുരുഷ-വനിതാവിഭാഗത്തിൽ കേരളത്തിന് വെള്ളി.

## വാർത്തകൾ വിശദമായി

പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിനു നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ലോക്സഭയിൽ മറുപടി നൽകും. ഇന്നലെയാണ് നന്ദി പ്രമേയ ചർച്ച ലോക്സഭയിലും രാജ്യസഭയിലും ആരംഭിച്ചത്. വൈകിട്ട് അഞ്ച് മണിക്ക് ലോക്സഭയിൽ മോദി മറുപടി നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രതിപക്ഷ നേതാവും കോൺഗ്രസ് നേതാവുമായ രാഹുൽ ഗാന്ധി എസ്‌സി, എസ്ടി, ഒബിസി എന്നിവരെക്കുറിച്ച് നിരന്തരം സംസാരിക്കാറുണ്ടെന്നും എന്നാൽ

ഒബിസി സമൂഹത്തിന്റെ ഏറ്റവും വലിയ മുഖം പ്രധാനമന്ത്രി മോദി തന്നെയാണെന്ന് തിരിച്ചറിയുന്നതിൽ പരാജയപ്പെടുന്നുവെന്നും പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു സോഷ്യൽ മീഡിയ പോസ്റ്റിൽ പറഞ്ഞു.

✪✪✪

തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ തടയാൻ ഗവണ്മെന്റ് വിപുലമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ലോക്സഭയിൽ അറിയിച്ചു. നാളികേര ഉൽപ്പാദനത്തിൽ ലോകത്ത് ഒന്നാംസ്ഥാനത്ത് ഇന്ത്യ എത്തിയത് സംതൃപ്തി നൽകുന്ന കാര്യമാണെന്നും അദ്ദേഹം ചോദ്യോത്തര വേളയിൽ പറഞ്ഞു .

കർഷകരുടെ വരുമാനം വർധിപ്പിക്കാൻ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണെന്നും, 2019 മുതൽ ഗവണ്മെന്റ് കുറഞ്ഞ താങ്ങുവില നിരക്കുകൾ ഉൽപാദനച്ചെലവിനേക്കാൾ 50 ശതമാനം ലാഭത്തിലാണ് നിശ്ചയിച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

അതേസമയം, മഹാകുംഭ് സംഭവം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ അംഗങ്ങൾ രാജ്യസഭയിൽ നൽകിയ അടിയന്തര പ്രമേയനോട്ടീസ് ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് തള്ളി.

✪✪✪

2031-32 വർഷത്തോടെ സ്ഥാപിത വൈദ്യുതി ഉൽപാദന ശേഷി 874 ജിഗാവാട്ടായി ഉയർത്താൻ പദ്ധതിയിടുന്നതായി കേന്ദ്രഗവണ്മെന്റ് രാജ്യസഭയെ അറിയിച്ചു.

കൽക്കരി, ലിഗ്നൈറ്റ്, സോളാർ, കാറ്റ്, ജലം തുടങ്ങിയ പുനരുപയോഗ സ്രോതസ്സുകൾ ഉൾപ്പെടെ പരമ്പരാഗത സ്രോതസ്സുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയും ഇതിൽ ഉൾപ്പെടുന്നുവെന്ന് സഹമന്ത്രി ശ്രീപദ് നായിക് രാജ്യസഭയിൽ രേഖാമൂലം മറുപടി നൽകി. നിലവിൽ സ്ഥാപിത വൈദ്യുതോൽപ്പാദന ശേഷി 462 ജിഗാവാട്ട് ആണെന്നും രാജ്യത്ത് ആവശ്യത്തിന് വൈദ്യുതി ലഭ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. 2014 ഏപ്രിൽ മുതൽ 230 ജിഗാവാട്ട് ഉൽപാദന ശേഷി കൂട്ടി ഗവൺമെന്റ് വൈദ്യുതി കമ്മി പ്രശ്നം നേരിട്ടുവെന്നും ശ്രീപദ് നായിക് അറിയിച്ചു.

✪✪✪

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് നാളെ. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് വരെയാണ് വോട്ടെടുപ്പ്. 70 അംഗ

നിയമസഭയിലേക്ക് 699 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്. ഒരുകോടി 56-ലക്ഷത്തിലേറെ വോട്ടർമാർ ഇവരുടെ രാഷ്ട്രീയ ഭാവി തീരുമാനിക്കും.

ഒരുലക്ഷത്തി 80,000-ത്തിൽ പരം ഉദ്യോഗസ്ഥരെ തെരഞ്ഞെടുപ്പ് ജോലികൾക്കായി നിയമിച്ചിട്ടുണ്ട്.

ശനിയാഴ്ചയാണ് വോട്ടെണ്ണൽ.

പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ചു. നിശബ്ദ പ്രചാരണ ദിവസമായ ഇന്ന് പരമാവധി വോട്ടർമാരെ നേരിൽക്കണ്ട് വോട്ടുറപ്പിക്കാൻ ശ്രമത്തിലാണ് സ്ഥാനാർത്ഥികളും നേതാക്കളും.

✪✪✪

ഇന്ന് ലോക കാൻസർ ദിനം. കാൻസറിനെക്കുറിച്ച് അവബോധം വളർത്തുന്നതിനും പ്രതിരോധം, രോഗം കണ്ടെത്തൽ, ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കു ന്നതിനുമായാണ് എല്ലാ വർഷവും ഐക്യരാഷ്ട്രസഭ, ഫെബ്രുവരി 4 ലോക കാൻസർ ദിനമായി ആചരിക്കുന്നത്.

2000 ഫെബ്രുവരി 4 ന് പാരീസ് ലോക കാൻസർ ഉച്ചകോടിയിലാണ് ലോക കാൻസർ ദിനം തീരുമാനിച്ചത്. കാൻസറുമായി ബന്ധപ്പെട്ട രോഗങ്ങളും മരണങ്ങളും ഗണ്യമായി കുറയ്ക്കുക എന്നതാണ് ലോക കാൻസർ ദിനത്തിന്റെ പ്രാഥമിക ലക്ഷ്യം.

2025 മുതൽ 2027 വരെ വർഷങ്ങളിലെ പ്രമേയം 'യുണൈറ്റഡ് ബൈ യുണീക്ക്' എന്നതാണ്.

✪✪✪

ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച്, സംസ്ഥാന ആരോഗ്യ വകുപ്പിന്റെ 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം വൈകിട്ട് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഒരു വർഷം നീളുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

ആദ്യഘട്ട ക്യാമ്പെയിൻ സ്ത്രീകൾക്ക് വേണ്ടിയാണ്. BPL വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടായിരിക്കും പരിശോധന.

✪✪✪

ലോക അർബുദ ദിനാചരണത്തിന്റെ ഭാഗമായി വനിതകളിലെ അർബുദ നിയന്ത്രണത്തിന് "ആരോഗ്യം ആനന്ദം " പരിപാടിക്ക് കണ്ണൂർ ജില്ലയിൽ തുടക്കമായി ഇരിവേരി സാമൂഹീകാരോഗ്യ കേന്ദ്രത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്തു.

ഗർഭാശയ ഗള,സ്താനാർബുദ പരിശോധന ക്യാമ്പും നടന്നു 30 വയസ്സ് കഴിഞ്ഞ മുഴുവൻ സ്ത്രീകളെയും സ്ക്രീനിംഗ് നടത്തി ആരോഗ്യ സുരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യം. മാർച്ച് 8 വരെ ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പരിശോധന ക്യാമ്പുകൾ നടക്കും.

✪✪✪

KSRTC യിൽ INTUC യൂണിയനുകളുടെ കൂട്ടായ്മയായ ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ പ്രഖ്യാപിച്ച 24 മണിക്കൂർ പണിമുടക്ക് തുടരുന്നു. സമരം രാവിലെ സമാധാനപരമായിരുന്നെങ്കിലും പിന്നീട് തമ്പാനൂർ ഡിപ്പോയിൽ സമരാനുകൂലികൾ ബസ് തടഞ്ഞതിനെ തുടർന്ന് പോലീസുമായി വാക്കു തർക്കമുണ്ടായി.

ബസിന് മുന്നിൽ കിടന്ന് TDF പ്രവർത്തകർ പ്രതിഷേധിച്ചു. തുടർന്ന് പോലീസ് സമരക്കാരെ ബലം പ്രയോഗിച്ച് മാറ്റി സർവീസ് സുഗമമാക്കി. ജീവനക്കാരെ അധികമായി ഡ്യൂട്ടിയ്ക്ക് നിയോഗിച്ചാണ് കെ എസ് ആർ ടി സി സർവീസ് നടത്തുന്നത്.

✪✪✪

അതിനിടെ, കൊട്ടാരക്കര ഡിപ്പോയിലെ 9 ബസുകൾക്ക് ഇലക്ട്രിക് തകരാർ കണ്ടെത്തിയെങ്കിലും തകരാർ പരിഹരിച്ച് സർവീസ് നടത്തി. ഇലക്ട്രിക് തകരാർ വരുത്തിയത് സമരക്കാരെന്ന് ഇടത് യൂണിയനുകൾ ആരോപിച്ചു .

സംഭവത്തിൽ സമഗ്ര അന്വേഷണത്തിനു മന്ത്രി കെ. ബി. ഗണേഷ് കുമാർ KSRTC എംഡി പ്രമോജ് ശങ്കറിന് നിർദേശം നൽകി. ഊർജ്ജിതമായ പോലീസ് അന്വേഷണം നടത്തിക്കുന്നതിനും പൊതുമുതൽ നശീകരണം തടയൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കുറ്റക്കാരെന്നു കണ്ടെത്തുന്നവർ KSRTC ജീവനക്കാരെങ്കിൽ സർവീസിൽ നിന്ന് പിരിച്ചു വിടുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സ്വർണവില പവന് ഇന്ന് വലിയതോതിൽ വർദ്ധിച്ച് 62,000 കടന്നു. പവന് 840 രൂപ ഉയർന്ന് 62,480 രൂപയിലാണ് വ്യാപാരം നടക്കുന്നത്. 7,810 രൂപയാണ് ഗ്രാമിന് .

ആഗോള വിപണിയിലെ ചലനങ്ങളും ഡോളർ ശക്തിയാർജിക്കുന്നത് അടക്കം ഘടകങ്ങളുമാണ് സ്വർണവിലയെ സ്വാധീനിക്കുന്നത്.

✪✪✪

കോട്ടയത്ത് ഭിന്നശേഷിക്കാർക്കായി പ്രധാനമന്ത്രി ദിവ്യാശാ കേന്ദ്രം അനുവദിക്കുമെന്ന് കേന്ദ്ര സഹമന്ത്രി രാംദാസ് അഠാവ്‌ലെ ഉറപ്പു നൽകിയതായി P T ഉഷ എംപി അറിയിച്ചു. പാലക്കാട്, കോഴിക്കോട് കണ്ണൂർ ജില്ലകളിൽ ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കുമായി വയോശ്രീ ക്യാംപുകൾ നടത്തുമെന്നും അവർ കോട്ടയത്ത് പറഞ്ഞു.

ഭിന്നശേഷിക്കാരുടെ ദിവ്യ കലാമേള കോഴിക്കോട്ടു നടത്തുമെന്നും പി ടി ഉഷ അറിയിച്ചു.

✪✪✪

തീരദേശ ഹൈവേ നിർമ്മാണം പൂർത്തിയാകുന്നതോടെ കേരളത്തിന്റെ പശ്ചാത്തല വികസനത്തിലും തീരദേശത്തിന്റെ വികസനത്തിലും നാഴികക്കല്ലാകുമെന്ന് മന്ത്രി PA. മുഹമ്മദ് റിയാസ് പറഞ്ഞു.

തീരദേശ പാത വികസനത്തിൽ പൂർത്തീകരിച്ച താനൂർ മുഹ്‌യുദ്ധീൻ പള്ളി - കെട്ടുങ്ങൽ പാലം റോഡിന്റെയും താനൂർ -പൂരപ്പുഴ ടിപ്പുസുൽത്താൻ റോഡിന്റെയും ഉദ്‌ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. വിദേശ രാജ്യങ്ങളുടെ മാതൃകയിൽ സൈക്കിൾ ട്രാക്ക് സഹിതം റോഡ് പുത്തൻ അനുഭവമാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

താനൂർ -തിരൂർ നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിച്ചു തിരൂർ പുഴയ്ക്ക് കുറുകെ നിർമാണം പൂർത്തിയാക്കിയ പനമ്പാലം പാലം മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്‌ഘാടനം ചെയ്തു . പൊന്മുണ്ടം പഞ്ചായത്തിൽ മീശപ്പടി- കോട്ടിലത്തറ റോഡിന്റെയും തിരൂർ- പൊന്മുണ്ടം ബൈപ്പാസ് നാലാം റീച്ചിന്റെയും ഉദ്‌ഘാടനവും മന്ത്രി നിർവഹിച്ചു.

✪✪✪

കൊച്ചിയിലെ സ്വകാര്യ പബ്ലിക് സ്കൂൾ വിദ്യാർത്ഥി ആത്മഹത്യ ചെയ്ത സംഭവത്തിൽ സ്കൂൾ NOC ഹാജരാക്കിയിട്ടില്ലെന്ന് മന്ത്രി വി ശിവൻകുട്ടി

പറഞ്ഞു. സംഭവത്തിൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയ ശേഷം നിയമ നടപടിയിലേക്ക് കടക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കിഫ്ബി ഫണ്ടിൽ നിർമ്മിക്കുന്ന റോഡുകളിൽ ജനങ്ങളെ കൊള്ളയടിക്കുന്ന ടോൾ പിരിവുമായി ഗവൺമെന്റ് മുന്നോട്ട് പോയാൽ ശക്തമായ പ്രക്ഷോഭവുമായി കോൺഗ്രസ് തെരുവിൽ ഇറങ്ങുമെന്ന് KPCC പ്രസിഡന്റ് K.സുധാകരൻ MP പറഞ്ഞു .

ഇന്ധന സെസും മോട്ടാർ വാഹന നികുതിയുടെ പകുതിയും കിഫ്ബിയിലേക്ക് പിടിക്കുന്നതിന് പുറമെയാണ് ജനത്തെ വീണ്ടും പിഴിയുന്ന തീരുമാനവുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി.

✪✪✪

പാലക്കാട്ടെ ബ്രൂവറി വിഷയത്തിൽ പ്രാദേശികമായി എതിർപ്പുകളൊന്നുമില്ലെന്നും കർണാടകയിലെ സ്പിരിറ്റ് ലോബിയ്ക്കാണ് എതിർപ്പെന്നും CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. ജനങ്ങളുടെ കുടിവെള്ളം തടഞ്ഞ് ബ്രൂവറി സ്ഥാപിക്കില്ലെന്നും അദ്ദേഹം ഇടുക്കിയിൽ പറഞ്ഞു. കേന്ദ്രം സംസ്ഥാനത്തെ തുടർച്ചയായി അവഗണിക്കുക യാണെന്നും ഗോവിന്ദൻ അഭിപ്രായപ്പെട്ടു.

✪✪✪

ബജറ്റിൽ കേന്ദ്രം കേരളത്തെ അവഗണിച്ചിട്ടില്ലെന്ന് BJP സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ പറഞ്ഞു. കൂടുതൽ ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് അദ്ദേഹം കോഴിക്കോട്ട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കേന്ദ്രത്തിന് ഒരു ആനുകൂല്യവും പിടിച്ചുവെക്കാൻ സാധിക്കില്ലെന്നും ധനകാര്യ കമ്മീഷന്റെ മാനദണ്ഡം അനുസരിച്ചാണ് ധനസഹായം അനുവദിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വയനാട് അതിതീവ്ര പട്ടികയിൽ ആയതിനാൽ ഫണ്ട് ലഭിക്കുന്നതിൽ തടസ്സമുണ്ടാകുന്നില്ലെന്നും സുരേന്ദ്രൻ അറിയിച്ചു.

✪✪✪

ഡെറാഡൂണിൽ 38-ാം ദേശീയ ഗെയിംസിൽ ബാസ്ക്കറ്റ് ബോളിൽ പുരുഷ-വനിതാവിഭാഗത്തിൽ കേരളത്തിന് വെള്ളി. 3x3 വനിതാ ബാസ്ക്കറ്റ് ബോൾ ഫൈനലിൽ തെലങ്കാനയാണ് കേരളത്തെ

**പരാജയപ്പെടുത്തിയത്. പുരുഷവിഭാഗം ഫൈനലിൽ മധ്യപ്രദേശിനോടാണ് കേരളം തോറ്റത്. മുഴുവൻ സമയവും 20-20 സ്കോറോടു കൂടി സമനിലയിലായെങ്കിലും സഡൺ ഡത്തിൽ മധ്യപ്രദേശ് ജയിക്കുകയായിരുന്നു.**

**ഇതോടെ കേരളത്തിന്റെ മെഡൽ നേട്ടം 17 ആയി. ആറു സ്വർണവും ഏഴ് വെള്ളിയും നാലു വെങ്കലവുമായി 11-ാം സ്ഥാനത്താണ് കേരളം. നീന്തലിൽ 100 മീറ്റർ ബ്രെസ്റ്റ്സ്ട്രോക്കിൽ കേരളത്തിന്റെ ഹർഷിത ജയറാം ഫൈനലിലേക്ക് യോഗ്യത നേടി.**

**മെഡൽപട്ടികയിൽ കർണാടക ഒന്നാം സ്ഥാനത്തും, സർവീസസ് രണ്ടാം സ്ഥാനത്തും, മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്.**

✪✪✪

**കേരളാ പ്രീമിയർ ലീഗ് ഫൂട്ബോളിൽ കോഴിക്കോട്ടെ ആദ്യ മത്സരത്തിൽ ഇന്ന് മുത്തൂറ്റ് ഫൂട്ബോൾ അക്കാദമിയും KSEB യും ഏറ്റുമുട്ടും. ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് കോർപറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.**

✪✪✪

**ISL ഫൂട്ബോളിൽ നാളെ മോഹൻ ബഗാൻ സൂപ്പർ ജയന്റ്, പഞ്ചാബ് FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.**

✪✪✪

---

*News Editor: പി ചന്ദ്രബാബു*
*Standby: ഹക്കീം കൂട്ടായി*
*Casual News Reader: നിമിഷ ജി*
*DEO: ഷീബ*